തെരുവു നായ്ക്കളെ പിടികൂടുന്നതിനുള്ള പദ്ധതികൾ

163(371) ശ്രീ. എൻ. രാജൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. രാജു :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവു നായ്ക്കളെ പിടികൂടുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ ഉണ്ടോ ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) തെരുവു നായ്ക്കളുടെ ആക്രമണത്തിനു വിധേയരാകുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. തെരുവ് നായ്ക്കളെ കൊല്ലുന്നത് ബഹു. സുപ്രീം കോടതി തടഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇവയെ വന്ധ്യംകരിച്ച് പ്രജനനം തടയുകയും, പേവിഷബാധയ്ക്ക് കുത്തിവെയ്പ് നൽകുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. കേന്ദ്ര സർക്കാരിന്റെ 2001-ലെ Animal Birth Control (Dogs) Rules പ്രകാരം അനിമൽ വെൽഫയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ /ആന്റി റാബീസ് പ്രോഗ്രാം എന്നിവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുള്ള ചെലവിന്റെ 50% അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ വഹിക്കുന്നതാണ്. അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ ആവിഷ്കരിച്ചിരിക്കുന്ന പ്രസ്തുത പ്രോഗ്രാമിന്,ബോർഡുമായി വേണ്ടുന്ന കരാറിലേർപ്പെട്ട് ധന സഹായം നേടി പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കാനും ഇക്കാര്യം സമയബന്ധിതമായി നടപ്പിൽ വരുത്തുവാനും പഞ്ചായത്ത് ഡയറക്ടർമാർക്കും നഗരകാര്യ ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ പേവിഷബാധ നിയന്ത്രണം സംബന്ധിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കൂടി ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ബാധകമല്ല.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നിയന്ത്രിക്കാൻ നടപടി

164 (372) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവുനായ്ക്കളുടെ കടിയേറ്റ് 2010-ൽ എത്ര പേർക്ക് പരിക്കു പറ്റിയിട്ടുണ്ടെന്ന വിവരം വെളിപ്പെടുത്തുമോ ; അവരിൽ വിദേശ വിനോദ സഞ്ചാരികൾ എത്രയെന്ന് വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly